# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2544     14.02.2013-ൽ മറുപടിക്ക്

## പെന്റാവലന്റ് വാക്സിൻ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഇ. ചന്ദ്രശേഖരൻ :<br>,, ചിറ്റയം ഗോപകുമാർ :<br>,, വി. ശശി :<br>ശ്രീമതി. ഇ. എസ്. ബിജിമോൾ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് കുട്ടികൾക്ക് പെന്റാവലന്റ് വാക്സിൻ നൽകുന്നുണ്ടോ ; ഉണ്ടെങ്കിൽ, കുട്ടികൾക്ക് പെന്റാവലന്റ് വാക്സിൻ നൽകിയതിനെത്തുടർന്ന് പാർശ്വഫലങ്ങൾ ഉണ്ടായ എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; ഇതിന്റെ ഫലമായി സംസ്ഥാനത്ത് മരണങ്ങൾ ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ, എത്ര ; | (എ) സംസ്ഥാനത്ത് ഒരു വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾക്ക് 2011 ഡിസംബർ 14-ാം തീയതി മുതൽ പെന്റാവലന്റ് വാക്സിൻ നൽകി വരുന്നു. പനി, പനിയോടനുബന്ധിച്ചുള്ള ജന്നി മുതലായ പാർശ്വഫലങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. വാക്സിനേഷനുശേഷം 48 മണിക്കൂറിനുള്ളിൽ കുട്ടികളിൽ ഉണ്ടായ 15 മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഈ മരണങ്ങളെ എല്ലാം തന്നെ വിശദമായി അപഗ്രഥനം നടത്തിയപ്പോൾ ഒരു മരണവും, പെന്റാവലന്റ് വാക്സിനുമായി നേരിട്ട് ബന്ധമുള്ളതായി തെളിഞ്ഞിട്ടില്ല. ഇതിനോടകം തന്നെ സംസ്ഥാനത്ത് 36 ലക്ഷം ഡോസുകൾ കുട്ടികൾക്ക് നൽകികഴിഞ്ഞു. |
| (ബി) എന്തെല്ലാം രോഗങ്ങളെ ചെറുക്കുന്നതിനാണ് ഈ വാക്സിൻ നൽകുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) ഡിഫ്ത്തീരിയ, വില്ലൻചുമ, ഹെപ്പറ്റൈറ്റിസ്.ബി, ടെറ്റനസ്, ഹീമോഫിലസ് ഇൻഫ്ലുവൻസ ടൈപ്പ് ബി എന്ന അണു ഉണ്ടാക്കുന്ന മെനിഞ്ചൈറ്റിസ്, ന്യൂമോണിയ എന്നീ അസുഖങ്ങളെ ചെറുക്കാനാണ് പെന്റാവലന്റ് വാക്സിൻ നൽകുന്നത്. |
| (സി) പ്രസ്തുത പ്രതിരോധ കുത്തിവയ്പിന്റെ സുരക്ഷിതത്വത്തെ സംബന്ധിച്ച് ആശങ്ക ഉയർന്നിരിക്കുന്നതിനാൽ ആയതിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ? | (സി) പെന്റാവലന്റ് വാക്സിൻ ഉൾപ്പെടെ എല്ലാ വാക്സിനേഷനുകൾക്കുംശേഷം ഏതെങ്കിലും തരത്തിലുള്ള പാർശ്വഫലങ്ങൾ ഉണ്ടായാൽ അത്തരം കാര്യങ്ങൾ വിശദമായി പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിന് വേണ്ടി ജില്ലാ തലത്തിലും, സംസ്ഥാന തലത്തിലും ആരോഗ്യവകുപ്പിന്റെ കീഴിൽ സംവിധാനങ്ങൾ പ്രവർത്തിച്ചുവരുന്നു. |

എ.ഇ.എഫ്.ഐ. കമ്മിറ്റി (അഡ്വേഴ്സ് എഫെക്റ്റ് ഫോളോവിങ്ങ് ഇമ്മ്യൂണൈസേഷൻ) എന്ന പേരിലാണ് ഈ കമ്മിറ്റി അറിയപ്പെടുന്നത്. സംസ്ഥാന തലത്തിൽ ആരോഗ്യവകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ (ഫാമിലി വെൽഫേർ) നേതൃത്വത്തിലും, ജില്ലാ തലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിലുമാണ് കമ്മിറ്റികൾ പ്രവർത്തിക്കുന്നത്. ജില്ലാതലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർക്ക് പുറമേ ആർ.സി.എച്ച് ഓഫീസർ, ഡി.എസ്.ഒ, എസ്.ഒ, പീഡിയാട്രീഷൻ, അസിസ്റ്റന്റ് പ്രൊഫസർ കമ്മ്യൂണിറ്റി മെഡിസിൻ, അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർ, ഐ.എം.എ പ്രതിനിധി, അസിസ്റ്റന്റ് പ്രൊഫസർ ഫോറൻസിക് തുടങ്ങിയ നിരവധി വിദഗ്ധർ കമ്മിറ്റി അംഗങ്ങളാണ്. സംസ്ഥാന തലത്തിൽ ഡ്രഗ്സ് കൺട്രോളർ, മെഡിക്കൽ കോളേജിൽ നിന്നുള്ള ഫോറൻസിക്, പീഡിയാട്രിക്സ്, മൈക്രോ ബയോളജി, എപ്പിഡെമിയോളജി, പാത്തോളജി എന്നീ വിഭാഗങ്ങളുടെ പ്രൊഫസർമാരും മറ്റ് വിദഗ്ധരും അംഗങ്ങളാണ്. ഇമ്മ്യൂണൈസേഷന് ശേഷം ഏതെങ്കിലും തരത്തിലുള്ള അസ്വസ്ഥതകൾ റിപ്പോർട്ട് ചെയ്യപ്പെട്ടാൽ അവ പരിശോധിക്കുന്നതിനായി ആദ്യം ഇൻസ്റ്റിറ്റ്യൂഷൻ തലത്തിൽ ഒരു ഫസ്റ്റ് ഇൻഫർമേഷൻ റിപ്പോർട്ട് (എഫ്.ഐ.ആർ) തയ്യാറാക്കുന്നു. തുടർന്ന് പ്രിലിമിനറി ഇൻഫർമേഷൻ റിപ്പോർട്ട് (പി.ഐ.ആർ), ഡീറ്റയിൽഡ് ഇൻഫർമേഷൻ റിപ്പോർട്ട് (ഡി.ഐ.ആർ) എന്നിവ തയ്യാറാക്കി ജില്ലാതല പരിശോധനയ്ക്ക് ശേഷം, സംസ്ഥാന തല പരിശോധനയ്ക്കായി അയയ്ക്കുന്നു. അതോടൊപ്പം തന്നെ അവയുടെ പകർപ്പ് ഡെപ്യൂട്ടി കമ്മീഷണർ, യു.ഐ.പി, മിനിസ്ട്രി ഓഫ് ഹെൽത്ത് ആന്റ് ഫാമിലി വെൽഫയറിനെ അറിയിക്കുന്നു. ഇപ്രകാരം കിട്ടുന്ന റിപ്പോർട്ടുകൾ സംസ്ഥാന എ.ഇ.എഫ്.ഐ. കമ്മിറ്റി വിലയിരുത്തി മരണകാരണം ഈ വാക്സിൻ എടുത്തതുമൂലമാണോ എന്നു പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ